# എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമനവും സ്കൂളുകളുടെ നടത്തിപ്പും സംബന്ധിച്ചുള്ള ഏകപക്ഷീയമായ സർക്കാർനിലപാട് പുനഃപരിശോധിക്കേണ്ടതാണ്

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന് ഈ വർഷം മുതൽ കേരളത്തിലെ എല്ലാ സർക്കാർ-എയിഡഡ് സ്കൂളുകളിലും തുടക്കം കുറിക്കുകയാണ്. ഇതിനായി സമഗ്രഗുണമേന്മാ വിദ്യാലയവികസനപദ്ധതി രൂപീകരിക്കാൻ സർക്കാർ-എയിഡഡ് വിദ്യാലയങ്ങളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രീ-സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുക, അന്താരാഷ്ട്രനിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക, കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യഉദ്യാനമാക്കി മാറ്റുക, വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്ക്കരിക്കുക തുടങ്ങി 19 ഇന പരിപാടികൾക്കാണ് സർക്കാർ രൂപം നല്കിയിരിക്കുന്നത് എന്നാണ് അറിയുന്നത്.

ഹയർ സെക്കണ്ടറി മേഖലയിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ മോണിറ്ററിംഗ് ഏർപ്പെടുത്തിയിട്ടുമുണ്ട്. ഗുണനിലവാരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, മറ്റു സ്കൂളുകളിലെ അദ്ധ്യാപകർ ക്ലാസുകൾ വിലയിരുത്തി മാർക്കിടുന്ന സമ്പ്രദായവും നടപ്പാക്കാൻ പദ്ധതിയുണ്ട്.

ഇതിലൂടെ, വിദ്യാഭ്യാസമേഖലയിൽ സർക്കാർ വലിയ മാറ്റം കൊണ്ടുവരുന്നു എന്ന തോന്നൽ പൊതുജനങ്ങളിൽ ഉളവാക്കിക്കൊണ്ട് എയിഡഡ് മേഖലയെ തകർക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു എന്നത് വ്യക്തമാണ്. ഇതുസംബന്ധിച്ച മാർഗ്ഗരേഖയിലെ ചില പരാമർശങ്ങൾ ഇതിന് ഉദാഹരണമാണ് - 'എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉടമസ്ഥതയെ മാത്രം നോക്കി നിലപാട് എടുക്കുക ശാസ്ത്രീയമല്ല' എന്ന മാർഗ്ഗരേഖയിലെ പരാമർശം എയിഡഡ് മാനേജ്മെന്റുകൾക്ക് ആശങ്കയും ഉത്ക്കണ്ഠയും ഉളവാക്കുന്നതാണ്. മാനേജ്മെന്റുകളുടെ ഉടമസ്ഥാവകാശത്തിന്മേലുള്ള ഒരു കടന്നുകയറ്റത്തിനുള്ള സൂചന അതിൽ ഒളിഞ്ഞിരിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്ന് പറയുന്ന സർക്കാർ, അതിൽ എയിഡഡ് സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

50 - 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേകപാക്കേജ് അടിസ്ഥാനത്തിൽ സഹായം നല്കാൻ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഇതിൽ എയിഡഡ് സ്കൂളുകളുടെ കാര്യം പരാമർശിക്കുന്നില്ല.

മേൽപറഞ്ഞ ഘടകങ്ങൾ സൂചിപ്പിക്കുന്നത് പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം എന്നത് സർക്കാർവിദ്യാലയസംരക്ഷണയജ്ഞമായി മാത്രം മാറുന്നു എന്നതാണ്.

'സംഘടനാചുമതലകളും സംവിധാനങ്ങളും' എന്ന ഭാഗത്താണ് ഏറ്റവും ഗുരുതരമായ പ്രശ്നം നില്നില്ക്കുന്നത്. വിവിധ തലങ്ങളിൽ പൊതുവിദ്യാഭ്യാസസംരക്ഷണത്തിനായി സമിതികൾ രൂപീകരിക്കാനുള്ള തിരുമാനത്തിലാണ് സർക്കാർ. സംസ്ഥാനതലമിഷനും ജില്ലാതലമിഷനും കഴിഞ്ഞാൽ കടന്നു വരുന്ന ജില്ലാവിദ്യാഭ്യാസസമിതിയിലും നിയോജകമണ്ഡലതല വിദ്യാഭ്യാസസമിതിയിലും അംഗങ്ങളായി വരുന്നവരിൽ ബഹുഭൂരിപക്ഷവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്രതിനിധികളും കുടുംബശ്രീ, ശുചിത്വമിഷൻ പ്രതിനിധികളുമാണ്. ഇവരെല്ലാംതന്നെ വ്യക്തമായ രാഷ്ട്രീയചായ്‌വുള്ളവരുമായിരിക്കും. ഇത് പഴയ വിദ്യാഭ്യാസഅവകാശനിയമത്തിലെ സ്കൂൾ മാനേജ്മെന്റ് കമ്മറ്റിക്ക് തുല്യമാണെന്നു മാത്രമല്ല, ഒരു പടികൂടി മുകളിൽ, എയിഡഡ് സ്കൂളുകളുടെ ഭരണാധികാരം തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറുന്നതുമാണ്.

ഇതിനോടൊപ്പം കൂട്ടിവായിക്കേണ്ട ഒരു കാര്യമാണ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ക്ലാസുകൾ ഒരു മാനദണ്ഡവുമില്ലാതെ മറ്റു സ്കൂളുകളിലെ അദ്ധ്യാപകർ വന്നു മാർക്കിടുന്ന സമ്പ്രദായം. ടീം ടീച്ചിംഗ് എന്ന് ഓമനപ്പേരിട്ടിരിക്കുന്ന ഈ പരിപാടിയിൽ അദ്ധ്യാപകരെ 3 പോയിന്റ് സ്കെയിലിൽ വിലയിരുത്തുന്നു. ക്ലാസ് എടുക്കുന്ന സമയത്ത് 14 കാര്യങ്ങളിൽ അദ്ധ്യാപകരുടെ കാര്യശേഷി പരിശോധിച്ച് വിലയിരുത്താനാണ് നിർദ്ദേശം നല്കിയിരിക്കുന്നത്.

പുറമേ നിന്നും മോണിറ്ററിംഗിന് എത്തുന്ന അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിന് ഒരു മാനദണ്ഡവും പറഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധേയമാണ്. രണ്ടു പേരടങ്ങുന്ന ടീമിന്റെ പ്രധാന ഉദ്ദേശ്യം സ്കൂളുകളിൽ കുട്ടികൾക്ക് ലഭിച്ചിരിക്കുന്ന മാർക്ക് കൃത്യമാണോ എന്നതിനേക്കാൾ, അദ്ധ്യാപകർ ക്ലാസ് എടുക്കുന്ന രീതി നല്ലതാണോ എന്നു വിലയിരുത്തുന്നതിലാണ്. ഒരേ വിഷയം പഠിപ്പിക്കുന്ന സമന്മാരും അല്ലാത്തവരുമായ അദ്ധ്യാപകർ വിലയിരുത്തൽ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളും ഇതിലുണ്ട്.

ഒന്ന് മുതൽ 10-ാം ക്ലാസ് വരെയും, കോളേജ് വിദ്യാഭ്യാസത്തിലും അദ്ധ്യാപകർ വിലയിരുത്തലിന് വിധേയമാകുന്ന സാഹചര്യം ഇല്ലെന്നിരിക്കെ ഇത് ഹയർ സെക്കണ്ടറി മേഖലയിൽ മാത്രം എന്തിന് എന്ന ചോദ്യം വളരെ പ്രസക്തമാണ്.

പൊതുവിദ്യാഭ്യാസരംഗത്ത് പതിറ്റാണ്ടുകളായി സാധാരണക്കാരുടെ വിദ്യാഭ്യാസത്തിനുവേണ്ടി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന എയിഡഡ് സ്കൂളുകളെ ഏതുവിധേനയും തകർക്കാനുള്ള ഗവണ്മെന്റിന്റെ ഇത്തരം ശ്രമം വീണ്ടും അരങ്ങേറുകയാണ്. അദ്ധ്യാപകനിയമനം സംബന്ധിച്ചു മാത്രമല്ല, അവയുടെ നടത്തിപ്പിലും ആശാസ്യമല്ലാത്തതും ഏകപക്ഷീയവുമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനെ എന്തു വിലകൊടുത്തും ചെറുക്കേണ്ടത് സംശുദ്ധവും മാതൃകാപരവുമായ വിദ്യാഭ്യാസം സാധാരണക്കാർക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഏവരുടെയും കടമയാണ്.